
MAR LOUIS PUBLICATIONS

# കുടുംബ ലിറ്റർജി



ഫാ. ജേക്കബ് ഏറണാട്ട്

# 42. ഫാമിലി യൂണിയൻ സമ്മേളനം



ഇടവകയെ പല വാർഡുകളായി തിരിച്ച്, ഓരോന്നും ഒരു സ്വർഗീയ മധ്യസ്ഥന്റെ (മധ്യസ്ഥയുടെ) പേരിൽ, ഫാമിലി യൂണിയൻ പ്രവർത്തനം നടത്തുന്നു. ആദിമക്രൈസ്തവ സമൂഹത്തിന്റെ ചൈതന്യം ഉൾക്കൊണ്ട് പരസ്പരം അറിഞ്ഞും സ്നേഹിച്ചും സഹകരിച്ചും ആദ്ധ്യാത്മികമായും ഭൗതികമായും പുരോഗമിക്കുന്നതിനായിട്ടാണു ഫാമിലി യൂണിയൻ പ്രവർത്തിക്കുന്നത്. പ്രതിമാസം ഓരോ യൂണിറ്റും പ്രാർത്ഥനാ സമ്മേളനം നടത്തുന്നു. ഈ സമ്മേളനത്തിൽ മുൻസമ്മേളന റിപ്പോർട്ട്, കഴിഞ്ഞ മാസം നടത്തിയ സേവന പ്രവർത്തനങ്ങൾ, പൊതു ആവശ്യങ്ങൾ, വിവാഹജൂബിലി, ജന്മദിനാശംസ, കലാപരിപാടികൾ.... തുടങ്ങിയവ അജൻഡയിൽ പെടുത്തി എല്ലാവരുടെയും സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. ഇടവകയിലെ എല്ലാ യൂണിറ്റുകളും ചേർന്നു വാർഷിക പരിപാടികൾ നടത്തി ഇടവകയുടെ കുടുംബചൈതന്യം വളർത്തുന്നു. യൂണിറ്റു സമ്മേളനത്തിൽ നടത്തുന്ന പ്രാർത്ഥനാശുശ്രൂഷ താഴെ കൊടുക്കുന്നു.

സമ്മേളന സ്ഥലത്ത് തിരുഹൃദയ രൂപത്തിനു മുമ്പാകെ നിലവിളക്കു കത്തിക്കുന്നു. എല്ലാവരും എഴുന്നേറ്റുനിന്ന് അല്പസമയം മൗനം പാലിക്കുന്നു. തുടർന്നു പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനാഗാനം.

## ദൈവാരൂപിയേ

ദൈവാരൂപിയേ, സ്നേഹജ്വാലയായ്
സ്വർഗ്ഗത്തിൽ നിന്നും നീ വരൂ
അഗ്നിനാളമായ്, നവ്യ ജീവനായ്
ഞങ്ങളിൽ വന്നു വാണിടൂ
ശ്ലീഹന്മാരിൽ നിറഞ്ഞപോൽ
ശക്തിയേകി നയിക്കണേ (2)

ശാന്തിയേകുന്ന ദിവ്യസന്ദേശം
മാനസാന്തര മാർഗ്ഗമായ്
യേശു ഏക വിമോചകനെന്നു
വിശ്വമാകെ ഉദ്ഘോഷിക്കാൻ ശ്ലീഹന്മാ....

അത്ഭുതങ്ങളും രോഗശാന്തിയും
യേശുവിൻ തിരുനാമത്തിൽ
സാധ്യമായെന്നും ഈ സമൂഹത്തിൽ
ദൈവരാജ്യം വളർന്നിടാൻ. ശ്ലീഹന്മാ....

നേതാവ് : പിതാവിന്റെയും ✠ പുത്രന്റെയും
പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

സമൂഹം : ആമ്മേൻ.

നേതാ : അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി

സമൂ : ആമ്മേൻ.

നേതാ : ഭൂമിയിൽ മനുഷ്യർക്കു സമാധാനവും
പ്രത്യാശയും എപ്പോഴും എന്നേക്കും.

സമൂ : ആമ്മേൻ

നേതാ : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ....

(സമൂഹവും ചേർന്ന്)

## നമുക്കു പ്രാർത്ഥിക്കാം

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, ഞങ്ങൾ അങ്ങയെ ആരധിക്കുന്നു. അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. അങ്ങു ഞങ്ങൾക്കു നൽകിയ അനുഗ്രഹങ്ങൾക്കുഞങ്ങൾ നന്ദി പറയന്നു. ഞങ്ങളുടെ ഈ പ്രാർത്ഥനാസമ്മേളനത്തിൽ സംപ്രീതനാകണമേ, ആദിമ ക്രൈസ്തവ സമൂഹത്തിന്റെ മാതൃകയിൽ പര്സപരം സ്നേഹിച്ചും സഹകരിച്ചും സഹായിച്ചും ജീവിക്കാൻ ഞങ്ങളെ സഹായിക്കണമേ. ഞങ്ങൾ ആയിരിക്കുന്ന സ്ഥലങ്ങളിലും സാഹചര്യങ്ങളിലും അങ്ങയുടെ തിരുക്കുമാരനും ഞങ്ങളുടെ രക്ഷകനുമായ ഈശോമിശിഹായ്ക്കു സാക്ഷ്യം വഹിച്ച് വർത്തിക്കുവാനുള്ള കൃപാവരം ഞങ്ങൾക്കു നൽകണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ : ആമ്മേൻ.

## സങ്കീർത്തനം : 107

വിജ്ഞാപനം : ദൈവപിതാവിന്റെ അനന്തസ്നേഹവും പരിപാലനയും അനുസ്മരിച്ചുകൊണ്ടു ദാവീദ് ആലപിച്ച സങ്കീർത്തന ഭാഗം നമുക്ക് ആവർത്തിക്കാം.

നേതാ : കർത്താവായ ദൈവത്തെ സ്തുതിക്കുവിൻ:
അവിടുന്നു നല്ലവനും ദയാലുവമാകുന്നു.

സമൂ : കർത്താവായ....

നേതാ : കർത്താവിനാൽ രക്ഷിക്കപ്പെട്ടവരെല്ലാം
കീർത്തനം പാടി അവിടുത്തെ സ്തുതിക്കട്ടെ.

സമൂ : കർത്താവായ....

നേതാ : ശത്രുക്കളിൽനിന്ന് അവിടുന്ന് അവരെ രക്ഷിച്ചു:
നാനാ ദിക്കുകളിൽനിന്നും അവരെ ഒരുമിച്ചുകൂട്ടി.

സമൂ : കർത്താവായ....

നേതാ : മരുഭൂമിയിൽ അവർക്കു വഴിതെറ്റിപ്പോയി
അപ്പോൾ അവർ കർത്താവിനോടു പ്രാർത്ഥിച്ചു.

സമൂ : കർത്താവായ....

നേതാ : അവിടുന്ന് അവരെ കാത്തുരക്ഷിക്കയും
മനുഷ്യവാസമുള്ള നഗരത്തിലേക്കു നയിക്കുകയും ചെയ്തു.

സമൂ : കർത്താവായ....

നേതാ : കർത്താവിന്റെ സ്നേഹവും കരുണയുമോർത്ത്
നീതിമാന്മാർ അവിടുത്തെ സ്തുതിക്കട്ടെ.

സമൂ : കർത്താവായ....

നേതാ : അവിടുന്നു വിശക്കുന്നവരെ തൃപ്തരാക്കി
വിഷാദിച്ചിരുന്നവരെ ആനന്ദിപ്പിച്ചു.

സമൂ : കർത്താവായ....

നേതാ : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂ : ആദിമുതൽ എന്നേക്കും ആമ്മേൻ.

## വേദപുസ്തകവായന

ഓരോ മാസവും മാറിമാറി, അവസരോചിതമായ വേദ പുസ്തക ഭാഗം വായിക്കുന്നു. സമ്മേളനസ്ഥലത്തെ കുടുംബനാഥൻ (കുടുംബനാഥ) വായിക്കുന്നു. വായന രണ്ടു ഭാഗമായി തിരിച്ച് ആദ്യഭാഗം കുടുംബനാഥനും, മറ്റേ ഭാഗം കുടുംബനാഥയും വായിക്കുന്നതു നന്നായിരിക്കും.

വായനയെത്തുടർന്ന് അല്പസമയം എല്ലാവരും മൗനമായി ധ്യാനിക്കുന്നു. വൈദികനോ, നിർദ്ദിഷ്ട വ്യക്തിയോ വേദ പുസ്തക ഭാഗത്തെക്കുറിച്ച് വിചിന്തനം നൽകുന്നു.

## സമൂഹ പ്രാർത്ഥന

നേതാ : നമുക്കെല്ലാവർക്കും ഒരുമയോടും സ്നേഹത്തോടുംകൂടെ, കുടുംബാംഗങ്ങളുടെ അദൃശ്യതലവനായ യേശുവിനെ ധ്യാനിച്ചുകൊണ്ടു 'കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ' എന്നപേക്ഷിക്കാം.

സമൂ : കർത്താവേ....

നേതാ : ഞങ്ങളുടെ ഈ കുടുംബ കൂട്ടായ്മയിൽ സംപ്രീതനാകണമെന്നും, പരസ്പരസ്നേഹത്തിലും സഹകരണ മനോഭാവത്തിലും ഞങ്ങളെ വളർത്തണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ : കർത്താവേ....

**നേതാ :** ഞങ്ങളുടെ കുടുംബങ്ങളിലുള്ള എല്ലാ രോഗികൾക്കും സൗഖ്യം നൽകണമെന്നും, ആരെങ്കിലും പാപമാർഗ്ഗത്തിൽ ചരിക്കുന്നുണ്ടെങ്കിൽ അവർക്കു മാനസാന്തരത്തിനുള്ള വരം നൽകണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ :** കർത്താവേ....

*ശ്രദ്ധിക്കുക:* വിവാഹം, പരീക്ഷ, മരണം തുടങ്ങിയ പ്രത്യേകം പരാമർശിക്കേണ്ട നിയോഗങ്ങൾക്കായി അംഗങ്ങൾ പ്രാർത്ഥിക്കുന്നു.

**നേതാ :** ഞങ്ങളുടെ (അതി)രൂപതയ്ക്കും ഇടവകയ്ക്കും അവയിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും സംഘടനകൾക്കും ക്രമാനുഗതമായ പുരോഗതി നൽകണമെന്നും വന്ദ്യപിതാക്കന്മാരെയും വൈദികരെയും സന്യസ്തരേയും അല്മായ പ്രേഷിതരെയും അനുഗ്രഹിക്കണ മെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## നമുക്കു പ്രാർത്ഥിക്കാം

നല്ല ഇടയനായ ഈശോയേ, ഞങ്ങളെ കരുണാപൂർവ്വം കടാക്ഷിക്കണമേ. ആത്മീയമായും ഭൗതികമായും വളർന്ന്, എല്ലായിടത്തും അങ്ങേയ്ക്കു സാക്ഷ്യം വഹിക്കാനുള്ള കൃപ ഞങ്ങൾക്കു നൽകണമേ. ഞങ്ങളെ ഓരോരുത്തരെയും ഒരുമയിലും സ്നേഹത്തിലും പരിരക്ഷിക്കണമേ. പരസ്പരം സഹായിച്ചും സഹകരിച്ചും ദൈവോന്മുഖരായി പുരോഗമിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ജീവിതാന്ത്യത്തിൽ ഞങ്ങൾക്കെല്ലാവർക്കും അങ്ങയെ നേരിൽ ദർശിച്ച് ആനന്ദിക്കുവാനുള്ള കൃപാവരം നല്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ :** ആമ്മേൻ.

സമ്മേളനം തുടരുന്നു.

## പ്രതിഷ്ഠാജപം

സമ്മേളനാവസാനം എല്ലാവരും എഴുന്നേറ്റ് ഈശോയുടെ തിരുഹൃദയത്തിനു തങ്ങളെത്തന്നെ പ്രതിഷ്ഠിക്കുന്നു.

ഈശോയുടെ തിരുഹൃദയമേ/ഞങ്ങളെ ഓരോരുത്തരെയും/ഞങ്ങളുടെ കുടുംബയൂണിറ്റിനെയും/ഞങ്ങളുടെ ഇടവകയെയും/അങ്ങേക്കു ഞങ്ങൾ പ്രതിഷ്ഠിക്കുന്നു. അങ്ങയുടെ തിരുഹിതം/എല്ലായിടത്തും എല്ലായ്പോഴും/പ്രവർത്തിക്കുവാനുള്ള കൃപാവരം/ഞങ്ങൾക്കോരോരുത്തർക്കും നൽകണമേ/എല്ലായിടത്തും അങ്ങേക്കു സാക്ഷ്യം വഹിക്കാനാവശ്യമായ/ധൈര്യവും വിവേകവും ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കുഞ്ഞു

ങ്ങളെ നിർമ്മലതയിൽ സംരക്ഷിച്ചുകൊള്ളണമേ. ഞങ്ങളുടെ കുടുംബങ്ങളിൽ നിന്ന്/യുവതീയുവാക്കന്മാരെ സമർപ്പിതജീവിതത്തിലേക്കു വിളിക്കണമേ. ഞങ്ങളുടെ ദമ്പതികളെ നിർമ്മലസ്നേഹത്താൽ ബന്ധിക്കണമേ. തങ്ങളുടെ ഉത്തരവാദിത്വങ്ങൾ ഗ്രഹിച്ച്/മാതൃകാപരമായി വർത്തിക്കുവാൻ/മാതാപിതാക്കന്മാരെ സഹായിക്കണമേ. ജീവിതാന്ത്യത്തിൽ/അങ്ങയോടൊത്തു നിത്യാനന്ദമനുഭവിക്കുവാൻ/ഞങ്ങളെ സഹായിക്കണമേ. ആമ്മേൻ.

ലഘുഭക്ഷണം.

## സമാപനഗാനം

ഉണരൂ ഇടവക ജനമേ
ഉണരൂ ഇടയനോടൊപ്പം
ഇടവകയാം തറവാട്ടിൽ
ഇടമേകാമഖിലർക്കും — ഉണരൂ....

ഒരു ജനമായ് ഒരു ഗണമായ്
യേശുവിൻ ധീര സാക്ഷികളായ്
സ്നേഹത്തിൻ നവചൈതന്യം
പകരും ജനമായ് മുന്നേറാം — ഒരു ജന....

ഒരു ബലിവേദിയിലെന്നും
ഒരു മനമോടൊരുമിക്കാം
യേശുവിൽ നിന്നു ഭുജിക്കാം
തൻ തിരുരക്തശരീരം
ആദിമ ക്രൈസ്തവരെപ്പോൽ
ആവർത്തിക്കാമിന്നും
ആവശ്യങ്ങളറിഞ്ഞ്
ആർക്കും സേവനമേകാം. — ഒരു ജന....

വൈദികരുണ്ടെങ്കിൽ എല്ലാവർക്കും സമാപനാശീർവ്വാദം നല്കുന്നു.

❖ ❖ ❖